## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2438** — **08.12.2015-ൽ മറുപടിയ്ക്ക്**

### സ്കൂളിന് സ്ഥലം വിട്ടുകിട്ടുന്നതിനുള്ള നടപടികൾ

**ചോദ്യം**
**ശ്രീ.രാജു എബ്രഹാം**

**മറുപടി**
**ശ്രീമതി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | ആട്ടത്തോട് കോളനിയിലെ ആദിവാസി കുട്ടികൾക്കായി ഈ വർഷം ആരംഭിച്ച സ്കൂളിന് സ്ഥലം വിട്ടുകിട്ടുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; എത്ര ഭൂമിയാണ് കൂടുതലായി ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; [redacted] | എ) | അട്ടത്തോട് പട്ടികവർഗ്ഗ സങ്കേതത്തിനുള്ളിൽ നടപ്പ് വർഷം പ്രവർത്തനമാരംഭിച്ചിട്ടുള്ള പ്രൈമറി സ്കൂളിന് സ്ഥിരമായി കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി ഒരു ഹെക്ടർ വനഭൂമി വിട്ടുകിട്ടുന്നതിന് ബന്ധപ്പെട്ട വനാവകാശ സമിതി, ഊരുകൂട്ട യോഗം എന്നിവ ചേർന്ന് തീരുമാനം കൈക്കൊള്ളുകയും ആവശ്യമായ രേഖകൾ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് റാന്നി ട്രൈബൽ ഡെവല[redacted] നിന്ന് കൈമാറുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറെയാണ് പദ്ധതി നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്. റാന്നി ഫോറസ്റ്റ് റേഞ്ച് ആഫീസർ മുഖേന ടി സ്ഥലം അളന്ന് നൽകുന്നതിന് ഡെപ്യൂട്ടി ഡയറക്ടർ നടപടി സ്വീകരിച്ച് വരുന്നു. നിലയ്ക്കൽ ക്ഷേത്രകവാടത്തിന് എതിർവശമുള്ള ഒരു ഹെക്ടർ സ്ഥലമാണ് ഇതിനായി ആവശ്യപ്പെട്ടിട്ടുള്ളത്. |

| | | | |
|---|---|---|---|
| ബി) | ഈ ഭൂമി ആരുടെ ഉടമസ്ഥതയിലുള്ളതാണെന്നും ഇത് സംബന്ധിച്ച ഫയൽ നിലവിൽ ആരുടെ പക്കലാണ് ഉള്ളതെന്നും വിശദമാക്കുമോ? | ബി) | വനം വകുപ്പിന്റെ അധീനതയിലുള്ള റിസർവ്വ് വന ഭൂമിയാണിത്.<br>ഇത് സംബന്ധമായ ഫയൽ റാന്നി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിലും, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസിലും, ഫോറസ്റ്റ് ഡിവിഷണൽ ആഫീസിലും നിലവിലുണ്ടെന്നുള്ള വിവരം അറിയിക്കുന്നു. |

Haripriya

സെക്ഷൻ ഓഫീസർ